LBRD-C4/185/2022-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- ചാലക്കുടി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ബിജോയ്.പി.ആറിന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.705/2025/LBR തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. ചാലക്കുടി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ബിജോയ്.പി.ആർ 10/05/2017 -ൽ സമർപ്പിച്ച അവധി അപേക്ഷ
2. ട്രെയിനിംഗ് ഡയറക്ടറുടെ 27/09/2022, 27/11/2023, 07/03/2025 എന്നീ തീയതികളിലെ ഡി.ടി/339/2022- എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ചാലക്കുടി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ബിജോയ്.പി.ആറിന്റെ 24/10/2016 മുതൽ 09/05/2017 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകുന്നതിനായി പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കി എന്നും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അസുഖബാധിതനായിരുന്നതിനാലാണ് 24/10/2016 മുതൽ 09/05/2017 വരെ ടിയാൻ ജോലിയിൽ നിന്നും വിട്ടു നിന്നത് എന്നും ഈ കാലയളവിൽ ടിയാൻ വിദേശത്ത് പോവുകയോ രാജ്യത്തിനകത്ത് പുറത്തോ മറ്റു ജോലികളിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലെന്നും, കൂടാതെ ടിയാൻ ഇതുവരെ പാസ്പോർട്ട് എടുത്തിട്ടില്ല എന്നും ട്രെയിനിങ് ഡയറക്ടർ അറിയിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ബിജോയ് പി.ആർ.-നെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കിയത് കണക്കിലെടുത്ത് ടിയാൻ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിന്ന 24/10/2016 മുതൽ 09/05/2017 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം. I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ബിജോയ് പി.ആർ., ഓഫീസ് അറ്റൻഡന്റ്, ഐ.ടി.ഐ, ചാലക്കുടി(ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (09/05/2025 -ലെ 2653025/എൽ.ബി.ആർ1/372/2023/ധന നമ്പർ നോട്ട് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 11-06-2025 17:19:01
സെക്ഷൻ ഓഫീസർ